പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2167 18.12.2012 ൽ മറുപടിയ്ക്ക്

സൗജന്യ വൈദ്യുതി കണക്ഷൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബി. സത്യൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കും പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും സൗജന്യമായി വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് ഇപ്പോൾ ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; വ്യക്തമാക്കുമോ;<br>(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നവർക്ക് പരമാവധി എന്തൊക്കെ സൗജന്യങ്ങളാണ് ലഭ്യമാക്കുന്നതെന്നറിയിക്കുമോ? | (എ) & (ബി) കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2005-ലെ വ്യവസ്ഥ പ്രകാരം 500 വാട്ട്സ് കണക്ടഡ് ലോഡുള്ള ബി.പി.എൽ വിഭാഗത്തിലുള്ള വ്യക്തികളെയും 1000 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള എസ്.സി/എസ്.ടി വിഭാഗത്തിലുള്ള വ്യക്തികളെയും ലൈൻ നീട്ടൽ ആവശ്യമില്ലാത്ത വൈദ്യുതി കണക്ഷനുകൾ നൽകുന്നതിന് ചെലവാകുന്ന തുക അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.<br>കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി (ആർ.ജി.ജി.വി.വൈ) കേരളത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നു. ഇതിൽ ഉൾപ്പെടുത്തി ഗാർഹിക കണക്ഷൻ നല്കുവാനുള്ള ലൈൻ നീട്ടൽ പ്രവൃത്തികൾ ചെയ്യുന്നതാണ്. എല്ലാ ബി.പി.എൽ കുടുംബങ്ങൾക്കും കണക്ടഡ് ലോഡ് പരിധിയില്ലാതെ ടി പദ്ധതിയിൽ ഉൾപ്പെടുത്തി സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.